പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1525 04.12.2015-ൽ മറുപടിക്ക്

## പാൽ സംഭരണം കൂട്ടാൻ സർക്കാർ സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ക്ഷീരസംഘങ്ങൾ പാൽ സംഭരണം കൂട്ടുന്നതിനു, സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പാൽ സംഭരണവും വിപണനവും മെച്ചപ്പെടുത്തുന്നതിന് ക്ഷീരസഹകരണ സംഘങ്ങളുടെ പശ്ചാത്തല സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ആധുനികവൽക്കരണം നടത്തുന്നതിനും, ക്ഷീരവികസന വകുപ്പ് വിവിധ ധനസഹായപദ്ധതികൾ നടപ്പിലാക്കി വരുന്നു. പാൽ സംഭരണം വർദ്ധിപ്പിക്കുന്നതിനും ക്ഷീരകർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും വേണ്ടി ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനും ഫുഡ് സേഫ്റ്റി ആക്ട് അനുസരിച്ച് ക്ഷീരസംഘങ്ങൾക്ക് ഫുഡ് സേഫ്റ്റി ലൈസൻസ് എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>മിൽമ മേഖലാ യൂണിയനുകൾ വഴി ക്ഷീരസംഘങ്ങളിൽ സംഭരണം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര-സംസ്ഥാന പദ്ധതികൾ വഴിയും, വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട്. സമീകൃത കാലിത്തീറ്റ, പച്ചപ്പുല്ല്, വയ്ക്കോൽ, ബദൽ കാലിത്തീറ്റ വിതരണം തുടങ്ങിയവയിലൂടെയും ഫാം സപ്പോർട്ട് പദ്ധതിയിൽ സബ്സിഡിയോടെ ഫാമുപകരണങ്ങൾ നല്കുക, കിടാരി പരിശീലന പരിപാടി നടപ്പിലാക്കുക, പശുക്കൾ വാങ്ങുന്നതിന് ബാങ്ക് വായ്പ നല്കുക തുടങ്ങിയ പദ്ധതികളിലൂടെയും ക്ഷീരകർഷകർക്ക് ഉല്പാദനോപാധികൾ നല്കുക, ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പെടുത്തുക, കാലിത്തീറ്റ സബ്സിഡിയും പ്രൊഡക്ഷൻ ഇൻസെന്റീവും നല്കുക, അന്യസംസ്ഥാനങ്ങളിൽ നിന്നും കാലികളെ കൊണ്ടുവരുന്നതിന് കടത്തുകൂലി നല്കുക മുതലായ പദ്ധതികൾ നടപ്പിലാക്കുക വഴി ക്ഷീരസംഘങ്ങളിൽ പാൽ |

സംഭരണം വർദ്ധിപ്പിക്കുന്നതിന് മിൽമയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) ഇതിലൂടെ എത്രമാത്രം പാലിന്റെ വർദ്ധനവാണ് ഉണ്ടായത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2010-11 ൽ ക്ഷീരസംഘങ്ങൾ വഴി പ്രതിദിനം 11.24 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് 2014-2015 വർഷത്തിൽ 15.26 ലക്ഷം ലിറ്ററായി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) പാൽ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും പാൽ സംഭരണം കൂട്ടാനും സംഘങ്ങൾക്ക് സാമ്പത്തികമായ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടോ എന്ന് പറയാമോ;

(സി) ഉണ്ട്.

(ഡി) എങ്കിൽ ഈ ആനുകൂല്യങ്ങൾ ലഭിച്ച ചേർത്തലയിലെ പാൽ സംഘങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ; ഈ സംഘങ്ങൾക്ക് നല്കിയ തുകയും ഇത് ഏതെല്ലാം ഇനങ്ങളിലുള്ളതാണെന്നും വ്യക്തമാക്കാമോ; ഇതിലൂടെ ചേർത്തലയിലെ പാൽ സംഘങ്ങളിൽ പാൽ അളക്കുന്ന എത്ര ക്ഷീര കർഷകർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?.

(ഡി) വിശദവിവരം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

**ചേർത്തലയിലെ ക്ഷീരസംഘങ്ങൾക്ക് 2014-2015 ൽ നല്കിയ ആനുകൂല്യങ്ങൾ**

| ക്രമ നം. | ക്ഷീരസംഘത്തിന്റെ പേര് | ഇന വിവരം | തുക |
|---|---|---|---|
| 1. | ആലുങ്കൽ | ഹൈജിനിക് മിൽക്ക് കളക്ഷൻ റൂം | 3,75,000/- |
| 2. | ചേർത്തല തെക്ക് | അവശ്യാധിഷ്ഠിത ധനസഹായം- ടൈലിംഗ് | 34,000/- |
| 3. | കടക്കരപ്പള്ളി | അവശ്യാധിഷ്ഠിത ധനസഹായം- കെട്ടിട നവീകരണം | 1,00,000/- |
| 4. | കൊക്കോതമംഗലം | അവശ്യാധിഷ്ഠിത ധനസഹായം- സി.പി.യു | 7,500/- |
| 5. | തിരുവിഴ ബീച്ച് | അവശ്യാധിഷ്ഠിത ധനസഹായം- ഫർണിച്ചർ | 9,900/- |
| 6. | വാരനാട് | അവശ്യാധിഷ്ഠിത ധനസഹായം- കെട്ടിട നവീകരണം | 40,000/- |
| 7. | കഞ്ഞിക്കുഴി | അവശ്യാധിഷ്ഠിത ധനസഹായം- ടൈലിംഗ് | 37,000/- |
| 8. | കഞ്ഞിക്കുഴി നോർത്ത് | അവശ്യാധിഷ്ഠിത ധനസഹായം- ടൈലിംഗ് | 7,000/- |
| 9. | വാരണം പുത്തനങ്ങാടി | അവശ്യാധിഷ്ഠിത ധനസഹായം- പ്രിന്റർ | 5,000/- |
| 10. | കളത്തിവീട് | എഫ്.എസ്.എസ്.എ- ലൈസൻസ് ഫ്രീ, അനലൈസർ | 31,750/- |
| 11. | ചേർത്തല ടൌൺ | എഫ്.എസ്.എസ്.എ- അനലൈസർ | 36,375/- |
| 12. | ജനക്ഷേമം | എഫ്.എസ്.എസ്.എ-അനലൈസർ, വൈബ്രേറ്റർ | 41,000/- |
| 13. | കണിച്ചുകുളങ്ങര | എഫ്.എസ്.എസ്.എ | 7,500/- |
| 14. | തങ്കി നിർമ്മൽ | എഫ്.എസ്.എസ്.എ- സെൻട്രിഫ്യൂജ് | 2,625/- |
| 15. | തിരുവിഴ ബീച്ച് | എഫ്.എസ്.എസ്.എ- സെൻട്രിഫ്യൂജ് | 2,625/- |
| 16. | കഞ്ഞിതൈ | എഫ്.എസ്.എസ്.എ- സെൻട്രിഫ്യൂജ് | 2,625/- |
| 17. | ആലുങ്കൽ | എഫ്.എസ്.എസ്.എ- സെൻട്രിഫ്യൂജ് | 2,625/- |
| 18. | മാരാരിക്കുളം | എഫ്.എസ്.എസ്.എ- സെൻട്രിഫ്യൂജ് | 2,625/- |
| 19. | പൊക്ലാശ്ശേരി | എഫ്.എസ്.എസ്.എ- സെൻട്രിഫ്യൂജ് | 2,625/- |
| 20. | കടക്കരപ്പള്ളി | എഫ്.എസ്.എസ്.എ- സെൻട്രിഫ്യൂജ് | 2,625/- |
| 21. | തുറവൂരകുളങ്ങര | ബി.എം.സി.സി ധനസഹായം – ടൈലിംഗ് | 37,500/- |
| 22. | കണിച്ചുകുളങ്ങര | ബി.എം.സി.സി ധനസഹായം- ലാബ് സെറ്റിംഗ് | 75,000/- |
| 23. | തങ്കി നിർമ്മൽ | എ.എം.സി.യു | 1,05,000/- |
| 24. | തണ്ണീർമുക്കം | ഓപ്പറേഷനൽ ധനസഹായം | 61,500/- |
| 25. | കളത്തിവീട് | ഇൻഫർമേഷൻ കിയോസ്ക് | 1,10,000/- |
| | | ആകെ | 11,39,400/- |

**ചേർത്തലയിലെ ക്ഷീരകർഷകർക്ക് 2014-2015-ൽ ലഭിച്ച ആനുകൂല്യങ്ങൾ**

| ക്രമ നം. | പദ്ധതിയിനം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ ധനസഹായ തുക |
|---|---|---|---|
| 1. | തീറ്റപ്പുൽകൃഷി | 149 | 2,00,000/- |
| 2. | അസോള | 30 | 19,500/- |
| 3. | ഇറിഗേഷൻ ധനസഹായം | 01 | 10,000/- |
| 4. | ഗോപാലിക പദ്ധതി | 05 (ഗ്രൂപ്പ്) | 75,000/- |
| 5. | ക്യാറ്റിൽ ഫീഡിംഗ് ധനസഹായം | 1725 | 8,50,910/- |
| 6. | ഗോദാനം | 06 | 1,70,400/- |
| 7. | 2 പശു യൂണിറ്റ് | 09 | 4,50,000/- |
| 8. | അഞ്ചു പശു യൂണിറ്റ് | 01 | 1,10,000/- |
| 9. | അഞ്ചു കിടാരി യൂണിറ്റ് | 03 | 2,71,500/- |
| 10. | പത്തു കിടാരി യൂണിറ്റ് | 01 | 1,81,200/- |

| | | | |
|---|---|---|---|
| 11. | തൊഴുത്ത് നിർമ്മാണം | 04 | 2,00,000/- |
| 12. | ആവശ്യാധിഷ്ഠിത ധനസഹായം | 05 | 1,00,000/- |
| 13. | കറവയന്ത്രം | 03 | 75,000/- |
| 14. | എസ്.സി-2 പശു യൂണിറ്റ് | 06 | 4,03,200/- |
| 15. | എസ്.ആർ.ഇ.പി- തൊഴുത്ത് | 01 | 1,00,000/- |
| ആകെ | | | 32,16,710/- |

| പദ്ധതിയുടെ പേര് | പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് | പദ്ധതി വിഹിതത്തിൽ ചെലവഴിച്ച തുക |
|---|---|---|
| കാലിത്തീറ്റ സബ്സിഡി | തണ്ണീർമുക്കം | 6,56,686/- |
| കാലിത്തീറ്റ സബ്സിഡി | കഞ്ഞിക്കുഴി | 6,00,000/- |
| കാലിത്തീറ്റ സബ്സിഡി | ചേർത്തല തെക്ക് | 9,50,000/- |
| കാലിത്തീറ്റ സബ്സിഡി | മാരാരിക്കുളം നോർത്ത് | 7,90,000/- |
| കാലിത്തീറ്റ സബ്സിഡി | കടക്കരപ്പള്ളി | 6,50,000/- |
| കാലിത്തൊഴുത്ത് നിർമ്മാണം | ചേർത്തല തെക്ക് | 2,90,635/- |
| കാലിത്തൊഴുത്ത് നിർമ്മാണം | കടക്കരപ്പള്ളി | 40,000/- |
| ആകെ | | 39,77,321/- |

സെക്ഷൻ ഓഫീസർ